©
Government of Kerala
കേരള സർക്കാർ
2010

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE

# കേരള ഗസറ്റ്

## EXTRAORDINARY

## അസാധാരണം

**PUBLISHED BY AUTHORITY**

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**

| | | | |
|---|---|---|---|
| Vol. LV<br>വാല്യം 55 | Thiruvananthapuram, Tuesday<br>തിരുവനന്തപുരം, ചൊവ്വ | 8th June 2010<br>2010 ജൂൺ 8<br>18th Jyaishta 1932<br>1932 ജ്യേഷ്ഠം 18 | No. 1307<br>നമ്പർ 1307 |

## കേരള സർക്കാർ

### തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (പി) നമ്പർ 113/10/തസ്വഭവ. *തിരുവനന്തപുരം, 2010 ജൂൺ 8.*

**എസ്. ആർ. ഒ. നമ്പർ 583/2010.**—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഇ) ഖണ്ഡം പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട്, 1994 ഏപ്രിൽ 22-ാം തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്.) 92/94/എൽഎഡി ആയി പുറപ്പെടുവിച്ചതും 1994 ഏപ്രിൽ 22-ാം തീയതിയിലെ 361-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 479/94 ആയി പ്രസിദ്ധീകരിച്ചതുമായ VI-ാം നമ്പർ വിജ്ഞാപനം ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ടും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തോട് ഭൂമിശാസ്ത്രപരമായി തൊട്ടുകിടക്കുന്ന താഴെ പട്ടികയിൽ (2)-ാം കോളത്തിൽ പറയുന്ന ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങൾ (1)-ാം കോളത്തിൽ പറയുന്ന ജില്ലയിൽ പെട്ടതും (4)-ാം കോളത്തിൽ പറയുന്ന ആസ്ഥാനമുള്ള (3)-ാം കോളത്തിൽ പറയുന്ന മുനിസിപ്പൽ കോർപ്പറേഷനുകളോട് 2010 ഒക്ടോബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് സംയോജിപ്പിക്കുവാൻ ഉത്തരവായി കേരള സർക്കാർ ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

33/2305/2010/DTP.

## പട്ടിക

| ജില്ല | സംയോജിപ്പിക്കാൻ ഉദ്ദേശിക്കുന്ന പഞ്ചായത്ത് ഭൂപ്രദേശങ്ങൾ | സംയോജിക്കപ്പെടുന്ന മുനിസിപ്പൽ കോർപ്പറേഷനുകളുടെ പേരുകൾ | മുനിസിപ്പൽ കോർപ്പറേഷന്റെ ആസ്ഥാനം |
|---|---|---|---|
| (1) | (2) | (3) | (4) |
| തിരുവനന്തപുരം ജില്ല | ശ്രീകാര്യം ഗ്രാമ പഞ്ചായത്ത്, വട്ടിയൂർക്കാവ് ഗ്രാമ പഞ്ചായത്ത്, കുടപ്പനക്കുന്ന് ഗ്രാമ പഞ്ചായത്ത്, വിഴിഞ്ഞം ഗ്രാമ പഞ്ചായത്ത്, കഴക്കൂട്ടം ഗ്രാമ പഞ്ചായത്ത് ഭൂപ്രദേശങ്ങൾ | തിരുവനന്തപുരം കോർപ്പറേഷൻ | തിരുവനന്തപുരം |
| കോഴിക്കോട് ജില്ല | എലത്തൂർ ഗ്രാമ പഞ്ചായത്ത്, ചെറുവണ്ണൂർ-നല്ലളം ഗ്രാമ പഞ്ചായത്ത്, ബേപ്പൂർ ഗ്രാമ പഞ്ചായത്ത് ഭൂപ്രദേശങ്ങൾ | കോഴിക്കോട് കോർപ്പറേഷൻ | കോഴിക്കോട് |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**രാജേഷ് കുമാർ സിംഗ്,**
*ഗവൺമെന്റ് സെക്രട്ടറി.*



## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷൻ ഭൂപ്രദേശത്തിനോട് ചേർന്ന് കിടക്കുന്ന ചില ഗ്രാമപഞ്ചായത്തുകളെ തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷനോടുകൂടി സംയോജിപ്പിക്കുന്നതിന് അപേക്ഷകൾ ലഭിക്കുകയുണ്ടായി. സർക്കാർ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെയും കോർപ്പറേഷന്റെയും അപേക്ഷയും അഭിപ്രായവും പരിഗണിച്ചതിനുശേഷം ശ്രീകാര്യം, വട്ടിയൂർക്കാവ്, കുടപ്പനക്കുന്ന്, വിഴിഞ്ഞം, കഴക്കൂട്ടം എന്നീ ഗ്രാമപഞ്ചായത്തുകളുടെ ഭൂപ്രദേശങ്ങൾ തിരുവനന്തപുരം കോർപ്പറേഷനിലേക്കും എലത്തൂർ, ചെറുവണ്ണൂർ-നല്ലളം, ബേപ്പൂർ എന്നീ ഗ്രാമപഞ്ചായത്തുകളുടെ ഭൂപ്രദേശങ്ങൾ കോഴിക്കോട് കോർപ്പറേഷനിലേക്കും 2010 ഒക്ടോബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം സംയോജിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2010.